**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

**2012 ജൂലൈ 4, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**മർദ്ദനത്തെത്തുടർന്നുള്ള ആത്മഹത്യ**

മി. സ്പീക്കർ : തിരുവല്ല പോലീസ് സ്റ്റേഷനിൽവച്ച് പോലീസ് മർദ്ദനമേറ്റതിൽ മനംനൊന്ത് സി.പി.ഐ. കിഴക്കുംമുറി ബ്രാഞ്ച് സെക്രട്ടറി ഇ.ആർ. രാജപ്പൻ നായർ ആത്മഹത്യ ചെയ്ത സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ മാറ്റിനിർത്തി അന്വേഷണം നടത്തുന്നതിനോ കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നതിനോ തയ്യാറാകാത്തതിനെത്തുടർന്ന് ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു ടി. തോമസ്, എം. ചന്ദ്രൻ, വി.എസ്. സുനിൽ കുമാർ,

എ.എ അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : തിരുവല്ല കാവുംഭാഗം വില്ലേജിൽ കിഴക്കുംമുറി രാധാഭവനം വീട്ടിൽ രാജപ്പൻ നായർ 28-06-2012-ന് ഉച്ചയ്ക്ക് മദ്യപിച്ച് സ്കൂട്ടറിൽ തിരുവല്ല കച്ചേരിപ്പടി ഓട്ടോറിക്ഷാ സ്റ്റാന്റിൽ എത്തി ഓട്ടോറിക്ഷ വിളിച്ചപ്പോൾ സവാരി പോകാൻ ആരും തയ്യാറാകാത്തതിനെത്തുടർന്ന് ബഹളം വച്ചതിനാൽ ഓട്ടോ ഡ്രൈവർമാർ നൽകിയ പരാതിയെത്തുടർന്ന് പോലീസ് സ്ഥലത്തെത്തി അയാളെ കസ്റ്റഡിയിലെടുക്കുകയും മെഡിക്കൽ പരിശോധന നടത്തി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് വൈകിട്ട് 6.30 മണിയോടുകൂടി രാജപ്പൻ നായരെ ജാമ്യത്തിൽ വിട്ടയച്ചു. രാജപ്പൻ നായർ ആത്മഹത്യ ചെയ്ത 30-06-2012 വരെ അദ്ദേഹത്തെ മർദ്ദിച്ചതായി യാതൊരു പരാതിയും കിട്ടിയിരുന്നില്ല. അദ്ദേഹം എഴുതിയെന്ന് പറയപ്പെടുന്ന ആത്മഹത്യാക്കുറിപ്പിലെ കയ്യക്ഷരം ആരുടേതാണെന്ന് പരിശോധിച്ചുവരികയാണ്. നിലവിലുള്ള അന്വേഷണത്തിനുപുറമെ ഐ.ജി.യുടെ നേതൃത്വത്തിലുള്ള സംഘത്തെ അന്വേഷണച്ചുമതല ഏൽപ്പി ച്ചിട്ടുണ്ട്. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ് : 28-06-2012 വ്യാഴാഴ്ച ഉച്ചയ്ക്ക് 2.00 മണിക്ക് ഗവൺമെന്റ് ആശുപത്രിക്കടുത്തുനിന്ന് വീട്ടിലേയ്ക്ക് പോകാൻ വിളിച്ച ഓട്ടോറിക്ഷയുടെ ഡ്രൈവറുമായുണ്ടായ തർക്കത്തെത്തുടർന്ന് സ്ഥലത്തെത്തിയ പോലീസ് രാജപ്പൻ നായരെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊ

ണ്ടുപോയി. സംഭവമറിഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യയും 8 വയസ്സുള്ള മകനും സ്റ്റേഷനിലെത്തി. രാജപ്പൻ നായരെ പോലീസ് ബലമായി സ്റ്റേഷനകത്തെ മുറിയിലേയ്ക്ക് കൊണ്ടുപോയി മർദ്ദിച്ചതിന്റെ ഫലമായി തന്റെ മുന്നിലേയ്ക്ക് അദ്ദേഹം മറിഞ്ഞുവീണുവെന്നാണ് രാജപ്പൻ നായരുടെ ഭാര്യ യുടെ പരാതിയിൽ പറയുന്നത്. ജാമ്യരേഖയിൽ ഒപ്പുവയ്ക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്ന രാജപ്പൻ നായർ ഭാര്യയുടെ സഹായത്താൽ ഒപ്പിട്ട് സ്റ്റേഷനിൽനിന്നും മടങ്ങുകയും 30-ാം തീയതി ആത്മഹത്യ ചെയ്യുക യുമാണുണ്ടായത്. കേസ്സിന്റെ സ്വഭാവം നോക്കാതെ എല്ലാവരെയും കുറ്റക്കാ രായി കണ്ട് മർദ്ദിക്കുന്ന നയമാണ് പോലീസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ത്. കുറ്റവാളികളായ പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കാനും അവരെ സർവ്വീസിൽനിന്ന് മാറ്റിനിർത്തി അന്വേഷിക്കാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : രാജപ്പൻ നായർ മദ്യപിച്ചിരുന്നുവെന്നതിന് ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പരിശോധനയ്ക്കുവേണ്ടി രാജപ്പൻ നായരുടെ രക്തവും മൂത്രവും എടുത്തു എന്നുപറയുന്നത് തികച്ചും നിയമപ രമായിട്ടുള്ള കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ പൊതുപ്രവർത്തകരോട് കാണിക്കേണ്ട എല്ലാ മാന്യതയും പാലിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. പ്രസ്തുത സംഭവത്തെക്കുറിച്ച് സംശയങ്ങൾ ഉന്നയിച്ച സാഹചര്യത്തിലാണ് സാധാരണഗതിയിലുള്ള അന്വേഷണത്തിനു പുറമേ ഐ.ജി.-യുടെ നേതൃത്വത്തിലുള്ള സംഘത്തിനെ

അന്വേഷണച്ചുമതല ഏൽപ്പിച്ചത്. അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തുടർനടപടികൾ സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

(1) എഫ്.സി.ഐ. ഗോഡൗണുകളിൽ അരി കെട്ടിക്കിടന്ന് നശിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി. ദിവാകരൻ: കപ്പാസിറ്റിയുടെ ഇരട്ടി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തിന്റെ ഫലമായി കേരളത്തിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ സ്റ്റോക്ക് ചെയ്തിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വലിയൊരളവ് ചീഞ്ഞുനാറുന്ന അവസ്ഥയിലാണ്. പൊതുവിതരണശൃംഖലയിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും അവശ്യംവേണ്ട സന്ദർഭങ്ങളിൽ ഫ്യൂമിഗേഷൻ നടത്തുകയും ചെയ്യണം. ഗോഡൗണുകളിൽ ഭക്ഷ്യധാന്യ ചാക്കുകൾ ഉയരത്തിൽ അട്ടിയിട്ടശേഷം ആദ്യമെത്തുന്ന ചാക്കുകൾ ക്രമപ്രകാരം വിതരണം ചെയ്യാത്തതിനാൽ താഴത്തെ അട്ടിയിലുള്ള ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നു. മുളങ്കുന്നത്തുകാവ്, കഴക്കൂട്ടം, ഒലവക്കോട് എന്നിവിടങ്ങ

ളിലെ എഫ്.സി.ഐ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നത് ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത്തരം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിലൂടെ മാരക രോഗങ്ങൾ പടരാനുള്ള സാധ്യതയുമുണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരിയും ഗോതമ്പും വിതരണം ചെയ്യുമ്പോൾ അവയുടെ ക്വാളിറ്റി കൃത്യമായി പരിശോധിക്കാനുള്ള നടപടിയുണ്ടാകണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികൾ അടങ്ങുന്ന സംഘം കേരളത്തിലെ 22 എഫ്.സി.ഐ. ഗോഡൗണുകളും അടിയന്തരമായി റെയ്ഡ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഭക്ഷ്യധാന്യങ്ങളുടെ ക്വാളിറ്റി പരിശോധന കൃത്യമായി നടത്തിയശേഷമാണ് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും വിതരണത്തിനായി നൽകുന്നത്. നിലവിൽ എഫ്.സി.ഐ. ഗോഡൗണുകളുടെ പരമാവധി കപ്പാസിറ്റിയായ 5,13,000 മെട്രിക് ടണ്ണിലധികം സ്റ്റോക്കുചെയ്യുന്നില്ലായെന്നാണ് ലഭ്യമായിട്ടുള്ള വിവരം. കഴക്കൂട്ടം, മുളങ്കുന്നത്തുകാവ്, ഒലവക്കോട് എന്നീ ഗോഡൗണുകളിൽ അമിതമായ സ്റ്റോക്കുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും. റേഷൻ കടകളിൽ മോശമായ അരി വിതരണം ചെയ്തുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ചെന്നൈ റീജിയണിലുള്ള രണ്ട് ജനറൽ മാനേജർമാരുടെ നേതൃത്വത്തിൽ കഴിഞ്ഞ 30-ാം തീയതി മുതൽ കേരളത്തിലെ എല്ലാ എഫ്.സി.ഐ. ഗോഡൗണുകളിലും നടത്തുന്ന പരിശോധനയുടെ റിപ്പോർട്ട് രണ്ട് ദിവസത്തിനകം ലഭിക്കുന്നതാണ്. എഫ്.സി.ഐ. ഗോഡൗണുകളിൽ കേന്ദ്ര സർക്കാർ നിജപ്പെടുത്തിയ ശാസ്ത്രീയമായ സൂക്ഷിപ്പ് സൗകര്യങ്ങൾ

നിലവിലുള്ളതുകൊണ്ട് ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന സാഹചര്യമുണ്ടായിട്ടില്ല. അവയുടെ വിതരണത്തിന് 'ഫിഫോ' സമ്പ്രദായമാണ് അവലംബിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ ബമ്പർ വിളവെടുപ്പ് കാരണം ഗോഡൗണുകളിൽ കൂടുതലായി വരുന്ന ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായാണ് ഡിപ്പോകളുടെ വരാന്തകളിൽ സൂക്ഷിച്ചിട്ടുള്ളത്. റെയിൽ വാഗണുകളിൽ കൊണ്ടുവരുന്ന ഭക്ഷ്യധാന്യങ്ങൾ മഴ നനഞ്ഞാൽ അവ പരിശോധിച്ച് ഗോഡൗണുകളിൽ വച്ച് എയറേറ്റ് ചെയ്യുകയും ക്വാളിറ്റി കൺട്രോൾ വിഭാഗം സമയാസമയത്ത് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ഹോൾസെയിൽ/റീട്ടെയിൽ ഡിപ്പോകളിൽ വിതരണം ചെയ്യുന്നതിനുമുൻപ് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ വീണ്ടും പരിശോധന നടത്തുന്നുണ്ട്. റേഷൻ അരി മോശമാണെന്നുള്ള പരാമർശം അടിസ്ഥാനരഹിതമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേന്ദ്രം കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് ആറ് മാസത്തേക്കെങ്കിലും ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്യത്തക്ക വിധത്തിലുള്ള സംവിധാനം ഒരുക്കാനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നമെന്നും അതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാമെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്.

(2) പെട്രോളിയം പ്രകൃതിവാതക സെല്ലിന്റെ രൂപീകരണം

ശ്രീ. വി.ഡി. സതീശൻ: ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കെ.കെ.ബി.എം.പി.എൽ. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകുന്നതോടുകൂടി കേരളത്തിലെ എഫ്.എ.സി.റ്റി., ടി.സി.സി.,

ബി.എസ്.ഇ.എസ്., അപ്പോളോ ടയേഴ്സ്, നിറ്റാ ജലാറ്റിൻ, ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിക്ക് മുഖ്യമായ പങ്ക് വഹിക്കാൻ കഴിയും. പദ്ധതി പൂർത്തിയാകുന്നതോടെ പ്രകൃതിവാതകം അടിസ്ഥാനമാക്കി കായംകുളം എൻ.റ്റി.പി.സി.-യിൽ പുതിയ 1900 മെഗാവാട്ട് പ്രോജക്ട് പൂർത്തീകരിക്കാനും കേരളത്തിലെ അഞ്ച് പ്രധാനപ്പെട്ട നഗരങ്ങളിലെ വീടുകളിലേയ്ക്കുള്ള പ്രകൃതി വാതക വിതരണത്തിന് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കാനും കഴിയും. ഗോദാവരി മേഖലയിൽ ഉല്പാദിപ്പിക്കുന്ന പ്രകൃതിവാതക സ്രോതസ്സിൽനിന്നും കേരളത്തിന് വേണ്ടത്ര വിഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ പോർട്ടിന്റെ കപ്പാസിറ്റി 2.5 മെട്രിക് ടണ്ണിൽനിന്നും 20 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. 'ഗെയിൽ' പൂർത്തിയാകുന്നതോടുകൂടി 'വാറ്റ്' വഴിയും കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും വിപുലീകരണ പദ്ധതി നടപ്പിലാക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതുവഴിയും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിക്കും. പൈപ്പ്ലൈൻ സ്ഥാപിക്കാൻവേണ്ടി വിട്ടുകൊടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുകയെ സംബന്ധിച്ച് പ്രത്യേക പാക്കേജ് നടപ്പാക്കണം. സ്ഥലമെടുപ്പ് നടത്തുമ്പോൾ വീട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കണം. പ്രകൃതി വാതകം ഉപയോഗിക്കുന്നതിലൂടെ മലിനീകരണം ഇല്ലാതാക്കാനും ട്രാൻസ്പോർട്ടേഷൻ നിരക്ക് കുറയ്ക്കാനും വൈദ്യുതിക്ഷാമം പരിഹരിക്കാനും പെട്രോൾ കെമിക്കൽ വ്യവസായ ശൃംഖല ഉണ്ടാക്കാനും വ്യവസായ സ്ഥാപനങ്ങളുടെ ഉല്പാദനച്ചെലവ്, അറ്റ

കുറ്റപ്പണിച്ചെലവ് തുടങ്ങിയവ കുറയ്ക്കാനും പാചകവാതക ക്ഷാമത്തിന് ശാശ്വത പരിഹാരം കാണാനും കഴിയും. അതുകൊണ്ട് പ്രകൃതി വാതക സ്രോതസ്സിൽനിന്ന് കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കാനും സംസ്ഥാനതലത്തിൽ പെട്രോളിയം പ്രകൃതി വാതക സെൽ രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ((ശ്രീ. ഉമ്മൻ ചാണ്ടി): ഒ.എൻ.ജി.സി., ഐ.ഒ.സി.എൽ., ഗെയിൽ, ബി.പി.സി.എൽ. തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് പരിചയമുള്ള മലയാളികളുടെ സേവനം ഉപയോഗപ്പെടുത്തി പ്രകൃതി വാതക സെൽ രൂപീകരിക്കുന്നതിലൂടെ കേരളത്തിന് അർഹമായ പ്രകൃതി വാതക സ്രോതസ്സ് ലഭ്യമാക്കാനും വീടുകളിലേയ്ക്ക് പാചക വാതകം എത്തിക്കാനും കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉല്പാദിപ്പിക്കാനും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗെയിലിന്റെ ആദ്യഘട്ടമായ 44 കിലോ മീറ്റർ പൂർത്തിയാക്കിയാൽ എഫ്.എ.സി.റ്റി. ഉദ്യോഗ് മണ്ഡൽ ഡിവിഷൻ, അമ്പലമുകൾ ഡിവിഷൻ, ബ്രഹ്മപുരം വൈദ്യുതി ഉല്പാദന കേന്ദ്രം, നിറ്റാ ജലാറ്റിൻ, ബി.പി.സി.എൽ., കൊച്ചിൻ റിഫൈനറി, റിലയൻസ് എനർജി തുടങ്ങിയ കമ്പനികൾക്ക് ഗ്യാസ് എത്തിച്ചു കൊടുക്കാൻ സാധിക്കും. ഡിസംബർ മാസത്തോടുകൂടി ഇതിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കും. മംഗലാപുരം, പാലക്കാട് വഴി ബാംഗ്ലൂർ, എൻ.റ്റി.പി.സി.-യുടെ കായംകുളം വൈദ്യുതപദ്ധതി എന്നിവിടങ്ങളിലേയ്ക്ക് പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന രണ്ടാംഘട്ട പ്രവൃത്തിയും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്ഥല മെടുക്കുമ്പോൾ ഒരു വീട് പോലും നഷ്ടപ്പെടാത്ത രീതിയിൽ നടപടികൾ

പൂർത്തിയാക്കാൻ ശ്രമിക്കും. പ്രത്യേക കോമ്പൻസേഷൻ പാക്കേജ് രൂപീകരിക്കുന്നതുസംബന്ധിച്ച് ആലോചിക്കാം.

## സബ്മിഷൻ

### (1) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റി ലാബ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാർഡ് കെട്ടിടങ്ങൾ എന്നിവയുടെ പണി എത്രയുംവേഗം പൂർത്തീകരിക്കാനും ഫാർമസി-ദന്തൽ കോളേജ്, ട്രഷറി, പോലീസ് സ്റ്റേഷൻ എന്നിവ ആരംഭിക്കാനും നടപടി സ്വീകരിക്കണം. ആധുനിക ചികിത്സാ സൗകര്യങ്ങളുൾപ്പെടെ ഏർപ്പെടുത്തി ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): തൃശ്ശൂർ മെഡിക്കൽ കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റേയും വാർഡുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്നതാണ്. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഫാർമസി കോളേജിൽ ഡി.ഫാം., ബി.ഫാം., എം.ഫാം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഡിയോ തൊറാസിക് സർജറി ഡിപ്പാർട്ട്മെന്റിനും റേഡിയോ തെറാപ്പി വിഭാഗത്തിനും ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസഹായത്തിനായി കൈമാറിയിട്ടുണ്ട്. ഈ ഡിപ്പാർട്ട്മെന്റിനാവശ്യമായ

വാർഡ്, പി.ജി. വിദ്യാർത്ഥികൾക്കുള്ള റെസിഡൻഷ്യൽ ക്വാർട്ടേഴ്സ്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, അക്കാഡമിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അവലോകനയോഗം ഈ മാസം 7-ാം തീയതി തൃശ്ശൂരിൽ ചേരുന്നതും പ്രശ്നപരിഹാരത്തിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

(2) <u>സ്കിൽഡ് തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ</u>

<u>ശ്രീ. പി. തിലോത്തമൻ</u>: ചേർത്തല ആട്ടോകാസ്റ്റിൽ വർഷങ്ങളായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്കിൽഡ് വർക്കേഴ്സിനെ സ്ഥിരപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>): താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സാധിക്കില്ലെന്ന് കമ്പനി എടുത്ത നിലപാടിൽ നിന്ന് വ്യത്യസ്തമായി യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ഒന്നുകൂടി പരിശോധിക്കാൻ തയ്യാറാണ്.

(3) <u>സ്പെഷ്യൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പാക്കേജ്</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ബാലുശ്ശേരിയിൽ കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രത്തിന് സ്പെഷ്യൽ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): 'എമർജിംഗ് കേരള'യുടെ പശ്ചാത്തലത്തിൽ അനുയോജ്യമായ പ്രോജക്ടിലൂടെ പുതിയ വ്യവസായങ്ങൾ കൊണ്ടുവന്ന് കിനാലൂർ വ്യവസായ എസ്റ്റേറ്റിന്റെ പ്രവർത്തനം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(4) റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. തോമസ് ഉണ്ണിയാടൻ: ഭരണപരമായ തിരക്കും കാലതാമസവും ഒഴിവാക്കാൻ ഇരിങ്ങാലക്കുടയിൽ ഒരു റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് തിരൂർ, ഇരിങ്ങാലക്കുട, കൊട്ടാരക്കര എന്നിവിടങ്ങളിൽ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനുള്ള റീ-സ്ട്രക്ച്ചറിംഗ് പ്രോസ്സസ് നടന്നുകൊണ്ടിരിക്കുകയാണ്.

(5) എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിദ്യാർത്ഥികളുടെ കൂട്ടത്തോൽവി

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി : സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിദ്യാർത്ഥികൾ കൂട്ടമായി തോൽക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച വിജയമാണുള്ളത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമി

തിയുടെ നിർദ്ദേശപ്രകാരം വിജയശതമാനത്തിലും പഠനനിലവാരത്തിലും നിശ്ചിത മാനദണ്ഡം പാലിക്കാത്ത കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനവുദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് പരിഹരിക്കാനായി കൂടുതൽ എം.ടെക്. കോഴ്സുകൾ തുടങ്ങുന്നതാണ്. സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ഐ.എച്ച്.ആർ.ഡി.-യെ ചുമതപ്പെടുത്തിയിട്ടുണ്ട്. യോഗ്യതാ പരീക്ഷയിൽ കണക്കിന്റെ മാർക്ക് 50%-മായി നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ രംഗത്ത് മൂല്യത്തകർച്ച ഉണ്ടാകാതിരിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

(6) സബ് ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ്

ശ്രീ. എ.റ്റി. ജോർജ് : സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സബ് ഇൻസ്പെക്ടർമാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കേരളാ സിവിൽ പോലീസ് കേഡറിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ആംഡ് റിസർവ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, ആംഡ് സബ് ഇൻസ്പെക്ടർ വിഭാഗങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നിർദ്ദേശിച്ചിട്ടുണ്ട്. കേരള സിവിൽ പോലീസിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ള ഡയറക്ടർ-കം-റിസർവ് ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള ഉത്തരവ് താമസിയാതെ നൽകുന്നതാണ്.

(7) സേവന നികുതി

ശ്രീ. ടി.എൻ. പ്രതാപൻ : പ്രവാസി ഇൻഡ്യക്കാരിൽനിന്ന് അമിത വിമാന ചാർജ്ജ് ഈടാക്കുകയും അവർ നാട്ടിലേക്ക് അയയ്ക്കുന്ന പണത്തിന് ബാങ്കുകൾ 12.36% സേവന നികുതി ചുമത്തുകയും ചെയ്യുന്ന തിൽനിന്ന് അവരെ സംരക്ഷിക്കാനും കസ്റ്റംസ് ക്ലിയറൻസ് റൂൾസിൽ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : പ്രവാസികളയയ്ക്കുന്ന പണ ത്തിന് ബാങ്കുകൾ വാങ്ങുന്ന കമ്മീഷന്റെ 12.3% സർവ്വീസ് ടാക്സായി കൊടുക്കേണ്ടതാണ്. ഈ ടാക്സ് ബാങ്കുകാർ തന്നെ കൊടുക്കണമെന്നും പ്രവാസികളിൽനിന്നും വാങ്ങാൻ പാടില്ലെന്നും നിർദ്ദേശിക്കുന്നതാണ്. സീസൺ പീരിയഡിൽ അമിത ചാർജ്ജ് ഈടാക്കി ഗൾഫ് മലയാളികളെ ചൂഷണം ചെയ്യുന്ന വിമാനക്കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാ ണ്. എമർജിംഗ് കേരളാ മീറ്റിൽ എയർ കേരള എക്സ്പ്രസ് സംബന്ധിച്ച് ഗൗരവമായി ചർച്ചചെയ്യുന്നതാണ്.

(8) ഗ്രാന്റ് വർദ്ധിപ്പിക്കൽ

ശ്രീ. സി.പി. മുഹമ്മദ് : സംസ്ഥാനത്തെ ലൈബ്രറികൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും നൽകുന്ന ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രമുഖരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സ്മാരകം നിർമ്മിക്കുന്നതിനുള്ള ധനസഹായം

ഒന്നേകാൽ കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. സാഹിത്യകാരൻമാരുടേയും സാംസ്കാരിക നായകൻമാരുടേയും പേരിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഗ്രാന്റ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

(9) പാലം നിർമ്മാണം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ കൂളിയാട്ട് കടവ് പാലത്തിന്റെ 620 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അടിയന്തരമായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കൂളിയാട്ട് കടവ് പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പണി ആരംഭിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

(10) കല്ലൂപ്പാറ ശ്രീഭഗവതി ക്ഷേത്രത്തിൽ നടന്ന അക്രമപ്രവർത്തനം

ശ്രീ. മാത്യു ടി തോമസ്: മല്ലപ്പള്ളി താലൂക്കിലെ കല്ലൂപ്പാറ ശ്രീഭഗവതി ക്ഷേത്രത്തിൽ ഇന്നലെ പുലർച്ചെയുണ്ടായ അക്രമത്തിൽ അന്തേവാസിയായ കൈമൾ വധിക്കപ്പെടുകയും സെക്യൂരിറ്റി ജീവനക്കാരന് പരിക്കേൽക്കുകയും അമ്പലത്തിലെ വിലപിടിപ്പുള്ള താഴികക്കുടവും മറ്റ് വസ്തുക്കളും മോഷ്ടിക്കപ്പെടുകയും ചെയ്തു. സംഭവത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും നഷ്ടപ്പെട്ട വസ്തുക്കൾ കണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറ ഹൈന്ദവ സേവാസമിതി വക ശ്രീഭഗവതി ക്ഷേത്രത്തിൽ ഇന്നലെയുണ്ടായ സംഭവത്തിൽ ഇരുപത് പവനോളം വരുന്ന താഴികക്കുടം നഷ്ടപ്പെട്ടിട്ടുണ്ട്. ശ്രീകോവിലിൽനിന്ന് മറ്റ് യാതൊന്നും നഷ്ടപ്പെട്ടതായി ബോദ്ധ്യപ്പെട്ടിട്ടില്ല. ഫിംഗർപ്രിന്റ്, ഫോറൻസിക് ലാബോറട്ടറി വിദഗ്ദ്ധർ, ഡോഗ് സ്ക്വാഡ് വിഭാഗങ്ങൾ സംഭവസ്ഥലത്ത് തെളിവെടുപ്പ് നടത്തിവരുന്നു. പത്തനംതിട്ട പോലീസ് മേധാവി ക്യാമ്പ് ചെയ്ത് അന്വേഷണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

VI, VIII, XIV എന്നീ സബ്ജക്ട് കമ്മിറ്റികളുടെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2012-2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV- തൊഴിലും തൊഴിലാളി ക്ഷേമവും

(556,62,36,000 രൂപ)

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII- സഹകരണം (175,32,59,000 രൂപ)

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിക്കുകയും തൊഴിൽ ലഭ്യത കുറയുകയും ചെയ്തിട്ടുണ്ട്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം പരമ്പരാഗത മേഖലകളിൽ ഇന്നുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാനും ശ്രദ്ധിക്കണം. തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളായവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. കർഷക തൊഴിലാളി ക്ഷേമനിധിക്ക് ആവശ്യമായ തുക വകയിരുത്താനും കുടിശ്ശികയുള്ള ഉടമാ വിഹിതം പിരിച്ചെടുക്കാനും അതിവർഷ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയണം. നിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതിയിൽ

അർഹരായവരെ അംഗങ്ങളാക്കാനും വിഹിതത്തിന്റെ കുടിശ്ശിക പിരിച്ചെടുക്കാനും അംഗത്വം പുതുക്കുന്നതിന് അവസരം നൽകാനും സമയ ബന്ധിതമായി പെൻഷൻ വിതരണം ചെയ്യാനും കഴിയണം. കൈത്തറി, ബീഡി, ചുരുട്ട് മേഖലകളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ യഥാസ മയം ലഭ്യമാക്കണം. ഇൻകം സപ്പോർട്ട് സ്കീമിന് ആവശ്യമായ തുക വക യിരുത്തുകയും പൂർണ്ണമായും വിതരണം ചെയ്യുകയും വേണം. ഇ.എസ്. ഐ. ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പാക്കണം. ഗാർഹിക തൊഴിലാളികൾക്കുള്ള ക്ഷേമനിധി പുനരാരംഭിക്കണം. അർഹത പ്പെട്ടവർക്ക് മിനിമം കൂലി ലഭ്യമാക്കണം.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലകളിലെ സർക്കാരിന്റെ ഇടപെടൽ പ്രശംസനീയമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആവിഷ്ക്കരിച്ച എംപ്ലോയ്ബിലിറ്റി സെന്റർ എന്ന ആശയം സ്വാഗതാർഹമാണ്. ഡോ.ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ 18 നിർദ്ദേശങ്ങളിൽ 16 എണ്ണം അംഗീകരിച്ചതും അന്യസംസ്ഥാന തൊഴിലാളികളുടെ കൂലി, താമസ സൗകര്യം മുതലായ കാര്യങ്ങളിൽ നടത്തിയ ഇടപെടലും പ്രശംസനീയമാണ്. സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ സംസ്കാരം ഉണ്ടാക്കിയെടുക്കാൻ രാഷ്ട്രീയ ഭേദമെന്യേ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. കേരളത്തി ലേയ്ക്ക് പുതിയ സംരംഭകർ വരാൻ കാത്തിരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 36000-ത്തോളം പേർക്ക് പുതുതായി ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. ചവറ നിയോജക മണ്ഡലത്തിൽ സ്വകാര്യ

കമ്പനികളെക്കൊണ്ടുവന്ന് അവിടെയുള്ള അഭ്യസ്തവിദ്യരെ റിക്രൂട്ട് ചെയ്ത പരിപാടി കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. സഹകരണ രംഗത്ത് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞു. വൈവിധ്യവൽക്കരണത്തിലൂടെ സഹകരണ മേഖലയെ മാറ്റിയെടുക്കാൻ കഴിയണം. റബ്കോയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. പ്രവാസികൾക്ക് ഗൾഫ് നാടുകളിൽ ബിസിനസ് നടത്താൻ സഹായം നൽകുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയിൽ ക്രെഡിറ്റ് മേഖലയിലാണ് കേരളം മുൻപന്തിയിൽ നിൽക്കുന്നത്. ദേശസാൽകൃത മേഖലയേക്കാൾ മെച്ചപ്പെട്ട രീതിയിൽ സഹകരണ ബാങ്കുകളിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് നിക്ഷേപസമാഹരണ യജ്ഞ പരിപാടിയിലൂടെയാണ്. സഹകരണ മേഖലയിൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ച് ജനാധിപത്യ സംവിധാനത്തെ തകർക്കുന്ന രീതി അവസാനിപ്പിക്കണം. പ്രൈമറി ബാങ്കുകളിലും എൻ. ആർ.ഐ. അക്കൗണ്ട് തുടങ്ങാനും ഡി.ഡി.-യായി പണം ലഭ്യമാക്കാനുമാവശ്യമായ നിയമ ഭേദഗതി കൊണ്ടുവരണം. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ദോഷകരമായ നിർദ്ദേശങ്ങൾ അംഗീകരിക്കരുത്. സഹകരണ ജീവനക്കാരുടെ ജോലി സുരക്ഷിതത്വം സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കയകറ്റണം. പച്ചക്കറി- നെല്ല്-പുഷ്പ കൃഷികൾ പ്രോത്സാഹിപ്പിക്കണം. സഹകരണ മേഖലയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിക്കാനും ജീവൻരക്ഷാ മരുന്നുകൾ മിതമായ വിലയ്ക്ക് ലഭ്യമാക്കാനും കഴിയണം. സൊസൈറ്റികൾക്ക് കൂടുതൽ ഉത്പന്നങ്ങൾ സംഭരിക്കാനാവശ്യമായ പണം നൽകണം. രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ

കൃത്യമായി ആഡിറ്റ് നടത്തണം. സർക്കിൾ സഹകരണ യൂണിയന്റെ പേരിൽ നടക്കുന്ന അനാവശ്യ പിരിവുകളിൽനിന്നും സംഘങ്ങളെ രക്ഷിക്കണം. ചില്ലറവില്പന മേഖലകളിൽ വിദേശ നിക്ഷേപം കടന്നുവരുന്നതിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. സംസ്ഥാനത്ത് ഒമ്പത് സ്വാശ്രയ ഡെന്റൽ കോളേജുകൾക്ക് അനുമതി നൽകിയതും ചില കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കാനുള്ള തീരുമാനവും പ്രതിഷേധാർഹമാണ്. മലപ്പുറം ജില്ലയിലെ 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സ്വകാര്യ മാനേജ്മെന്റുകളെ പരിപോഷിപ്പിക്കുന്ന നടപടി അവസാനിപ്പിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം സഹകരണ മേഖലയിലെ നിക്ഷേപത്തിൽ ഗണ്യമായ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ സഹകരണ ബാങ്കുകളെ ന്യൂ ജനറേഷൻ ബാങ്കുകളോട് കിടപിടിക്കത്തക്കവിധത്തിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം. നന്മ സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഗ്രാമങ്ങളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിച്ച നടപടി അഭിനന്ദനാർഹമാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ താനൂർ മണ്ഡലത്തിലും അനുവദിക്കണം. കാർഷിക സഹകരണ ബാങ്കുകൾ വഴി നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകാനുള്ള തീരുമാനം കാർഷിക മേഖലയിൽ അഭിവൃദ്ധിയുണ്ടാക്കും. തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്ന കോഴ്സുകൾ ആരംഭിക്കുന്ന നടപടി സ്വാഗതാർഹമാണ്. അഞ്ച് വർഷം കൊണ്ട് 15 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നീക്കം ശ്ലാഘനീയമാണ്. പ്രവാസികളെ സംരക്ഷിക്കാനും കേരളത്തിലെ

ഓരോ എംബസിയിലും മലയാളികളായ ഉദ്യോഗസ്ഥരെ നിയമിക്കാനും നടപടിയുണ്ടാകണം. പ്രവാസികൾക്ക് നിയമപരിരക്ഷ ഉറപ്പുവരുത്തണം. വിമാനക്കമ്പനികൾ അമിത ചാർജ് ഈടാക്കുന്നതുമൂലമുള്ള പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം. കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടി പ്രശംസനീയമാണ്. വിദേശമലയാളികളുടെ സഹായത്തോടെ കേരള എയർവേയ്സ് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. എ. എ. അസീസ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ലേബർ ഡിപ്പാർട്ടുമെന്റിലേയും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലേയും ഉദ്യോസ്ഥരുടെ കാര്യക്ഷമത പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. തൊഴിലാളികളുടേയും തൊഴിൽ ഉടമയുടേയും അംശദായം യഥാസമയം വെൽഫെയർ ബോർഡുകളിൽ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. വരുമാനം കൂടിയതും ഭരണപരമായി ശേഷിയുള്ളതുമായ വെൽഫെയർ ബോർഡുകളേയും വരുമാനം കുറഞ്ഞതും ശേഷിയില്ലാത്തതുമായ വെൽഫെയർ ബോർഡുകളേയും തമ്മിൽ സംയോജിപ്പിക്കാൻ നടപടി സ്വീകരിക്കണം. ലേബർ ഡിപ്പാർട്ടുമെന്റിന്റെ എൻഫോഴ്സ്മെന്റ് വിംഗ് കാര്യക്ഷമമാക്കണം. ഇ.എസ്.ഐ. സ്കീമിൽ അലോപ്പതിയോടൊപ്പം ആയുർവ്വേദവും ഹോമിയോപ്പതിയും ഉൾപ്പെടുത്താനാവശ്യമായ സംവിധാനം ഉണ്ടാകണം. ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് ഉപദേശക സമിതികൾ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.

<u>ശ്രീ. സി.എഫ്. തോമസ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ-സഹകരണ മേഖലകളിൽ നിർണ്ണായകമായ നയവ്യതിയാനങ്ങൾ വരുത്തി സംസ്ഥാനത്തിന് ഗുണകരമാക്കിയത് അഭിനന്ദനാർഹമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഉദ്യോഗാർത്ഥികളുടെ കഴിവുകൾ

വികസിപ്പിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുമെന്നുള്ള പ്രഖ്യാപനം സമയബന്ധിതമായി നടപ്പിലാക്കണം. സഹകരണ പ്രസ്ഥാനത്തെ പാവപ്പെട്ടവരുടെ ആശ്രയ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികൾ സ്വാഗതാർഹമാണ്. സഹകരണ മേഖലയിൽ സാധാരണ ജനങ്ങൾക്ക് മെച്ചമായ സർവ്വീസ് ലഭ്യമാക്കാനുള്ള ശുപാർശകൾ സമർപ്പിക്കാൻ നിയമിച്ച സമിതിയുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കി നടപ്പിലാക്കണം. സാധാരണക്കാർ സ്വർണ്ണപ്പണയത്തിനായി സഹകരണ ബാങ്കുകളെ സമീപിക്കുന്നതിന് ആകർഷകമായ നടപടികൾ സ്വീകരിക്കണം. കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ സർക്കുലറുകളിലൂടെ നൽകുന്ന നിർദ്ദേശങ്ങൾ പ്രാദേശിക സഹകരണബാങ്കുകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. എല്ലാ ആളുകൾക്കും പ്രയോജനം കിട്ടത്തക്കവിധം സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷനിൽ മാറ്റം വരുത്തണം. ഭൂമി വാങ്ങൽ, ഭവന നിർമ്മാണം, വിദ്യാഭ്യാസം, വിവാഹം, ചികിത്സ എന്നീ വായ്പകളുടെ പരിധിയും തിരിച്ചടവ് കാലാവധിയും ഉയർത്തണം. സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തണം. ബാങ്കിൽ നിന്നും വായ്പ നൽകുന്നതോടൊപ്പം സബ്സിഡിയും അനുവദിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തരമായി നടപ്പിലാക്കണം. ക്ഷേമനിധികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. പൊതുമേഖലയിലെ കെടുകാര്യസ്ഥതയ്ക്ക് വിരാമമിടണം. തൊഴിൽ വകുപ്പിൽ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടിയുണ്ടാകണം. നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ അന്യസംസ്ഥാന തൊഴിലാളികൾക്കും ബാധകമാക്കണം. മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമം

ഫലപ്രദമായി നടപ്പിലാക്കണം. പ്രവാസി ക്ഷേമനിധിക്ക് പ്രത്യേകം ഹെഡ്സ് അനുവദിക്കണം. പ്രവാസി ക്ഷേമനിധിയിലെ അനാകർഷകമായ വ്യവസ്ഥ കളെ സംബന്ധിച്ച് പരിശോധിക്കണം. ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ പ്രായം 55 വയസ്സിൽ നിന്നും 60 ആക്കി ഉയർത്താനും വിരമിക്കുന്നവർക്ക് അവർ അടച്ച മുഴുവൻ സംഖ്യയും മറ്റ് ആനുകൂല്യങ്ങളും നൽകാനും നടപ ടിയുണ്ടാകണം. ഗൾഫ് മേഖലയിലെ അവിദഗ്ദ്ധ തൊഴിലാളികളെ നിലവി ലുള്ള നിയമം ദോഷകരമായി ബാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയ ത്തിനെ അറിയിക്കണം. എമിഗ്രേഷൻ ക്ലിയറൻസ് ലംഘിച്ച് വിദേശത്തേയ്ക്ക് പോകുന്നവരെ നിയന്ത്രിക്കണം. എംബസികളിൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കണം.

<u>ശ്രീ. പി.എ. മാധവൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ പ്രസ്ഥാനം ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ പ്രാവർത്തികമാക്കിക്കൊണ്ട് മുന്നോട്ടുപോവുകയാണ്. സഞ്ചരിക്കുന്ന ത്രിവേണി പദ്ധതി, നന്മ സ്റ്റോറുകൾ, ഓണം-റംസാൻ വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തി ക്കാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞത് സ്വാഗതാർഹമാണ്. കുടിശ്ശിക നിവാരണം, നിക്ഷേപ സമാഹരണം എന്നിവയിലൂടെ കാർഷിക ഗ്രാമവിക സന ബാങ്കുകൾക്ക് നിക്ഷേപം സമാഹരിക്കാനും സ്വയംപര്യാപ്തത കൈവ രിക്കാനും സാധിച്ചതും ടൂറിസം രംഗത്ത് ടൂർഫെഡ് എന്ന സഹകരണ സ്ഥാപനത്തിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡവലപ്മെന്റ് സെന്ററുക ളായും നിലവിലുള്ള ഐ.ടി.ഐ.-കളെ മാതൃകാ സ്ഥാപനങ്ങളായും

മാറ്റാനുള്ള ഭാവനാപൂർണ്ണമായ സമീപനത്തെ സ്വാഗതം ചെയ്യുന്നു. തൃശ്ശൂരിലെ പരമ്പരാഗത തൊഴിൽ മേഖലയായ ഓട് വ്യവസായവും പാക്കിംഗ് കേസ് വ്യവസായവും പുനരുദ്ധരിക്കണം. വൈരക്കല്ല് പോളിഷിംഗ് മേഖലയിൽ ആധുനിക പരിശീലന കേന്ദ്രം സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം. തൃശ്ശൂർ ജില്ലയിൽ നോർക്കയുടെ ഓഫീസ് ആരംഭിക്കണം.

<u>ശ്രീ. കെ. രാജു</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ചുമത്തിയ വിഷയത്തിൽ പ്രധാനമന്ത്രിയിൽ നിന്നും ലഭിച്ചിട്ടുള്ള ഉറപ്പ് ഉത്തരവായി പുറപ്പെടുവിപ്പിക്കുന്നതിന് അടിയന്തരമായി ഇടപെടണം. ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ചുവിട്ട നടപടി വിമർശനാത്മകമാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ സഹകരണരംഗം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കണം. പനി ബാധിത മേഖലകളിൽ സൗജന്യ റേഷൻ പ്രഖ്യാപിക്കണം. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് കാര്യക്ഷമമാക്കണം. കുടിവറുപ്പിനെതിരെയും ഇ.പി.എഫ്., ഇ.എസ്.ഐ. ക്ഷേമനിധി വിഹിതം എന്നിവ അടയ്ക്കാത്തതിനെതിരെയും ശക്തമായ നടപടി സ്വീകരിക്കണം. തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും കർഷക തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ട് നഴ്സുമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും താൽപര്യങ്ങൾ സംരക്ഷിക്കണം.

ശ്രീ. പാലോട് രവി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം. നോക്കുകൂലി നിർത്തലാക്കാനെടുത്ത തീരുമാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. നിക്ഷേപ സൗഹൃദ സമീപനം സ്വീകരിച്ച് പ്രൊഡക്ഷൻ ഓറിയന്റഡ് സ്റ്റേറ്റായി കേരളത്തെ മാറ്റണം. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി ഈ സാമ്പത്തിക വർഷം തന്നെ കുടിയേറ്റത്തൊഴിലാ ളികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാനും ഐ.ടി. മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം. കൺസീലിയേഷനും എൻഫോഴ്സ്മെന്റും ശക്തിപ്പെടുത്തണം. തൊഴിൽ വകുപ്പ് പുനഃസംഘടി പ്പിക്കുന്നത് സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ റിപ്പോർട്ട് ഉടൻ നടപ്പാക്കണം. സംസ്ഥാന സർക്കാരിന്റെ കരട് തൊഴിൽ നയം ആവശ്യമായ പരിഷ്ക്കരണങ്ങളോടെ നടപ്പാക്കണം. പ്ലാന്റേ ഷൻ മേഖലയിലെ തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരി ക്കണം. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും ഏകീ കൃത ശമ്പളഘടന നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. കോൺട്രാക്ട് തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ ശമ്പളം നൽകാനും ക്ഷേമ നിധികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യാനും നടപടി സ്വീകരിക്കണം. നോർക്കയുടേയും ഒഡേപെക്കിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാ ക്കണം. നന്നായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ നിലനിർത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഴ്സ്മാരുടെ സമരത്തിൽ അനുഭാവപൂർവ്വമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. തൊഴിലില്ലായ്മ വേതന വിതരണം

സംബന്ധിച്ച് പുനഃപരിശോധന നടത്തണം. ചില ജില്ലകളിലെങ്കിലും നോക്കുകൂലി സമ്പ്രദായം നിർത്തലാക്കാനും സംസ്ഥാനത്ത് വേജ് പ്രൊട്ടക്ഷൻ ആക്ട് നടപ്പിലാക്കാനും കൈക്കൊണ്ട തീരുമാനം അഭിനന്ദനാർഹമാണ്. ചെറുപ്പക്കാരായ തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐ.ടി. മേഖലയുടെ ഘടനയിൽ സമൂല മാറ്റം വരുത്തണം. അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തണം. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുമാർക്കറ്റിൽ ഇടപെടാനും സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും സഹകരണ വകുപ്പിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. സുധാകരൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാ ബാങ്കുകളും സംസ്ഥാന കാർഷിക വികസന ബാങ്കുകളും മറ്റും പിരിച്ചുവിട്ട സർക്കാർ നടപടി നിരാശാജനകമാണ്. കൃഷിക്കാരെ അവഗണിക്കുന്ന നിലപാട് നബാർഡ് ഉപേക്ഷിക്കണം. എൽ.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കിയ പല പദ്ധതികളും തുടർന്നുകൊണ്ടുപോകുന്ന നടപടിയെ സ്വാഗതം ചെയ്യുന്നു. നിക്ഷേപസമാഹരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. "കേപ്പ്"-ലെ അഴിമതിയെയും നിയമവിരുദ്ധപ്രവർത്തനങ്ങളേയുംകുറിച്ച് അന്വേഷിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആറന്മുള എൻജിനീയറിംഗ് കോളേജ് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. സീമാറ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ അഴിമതിയെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണം. സമഗ്ര സഹകരണ നിയമ ഭേദഗതി അട്ടിമറിക്കാനുള്ള ശ്രമം ഉപേക്ഷിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിൽ ഫലപ്രദമായ പ്രവർത്തനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയും ജനങ്ങളെയും തൊഴിലാളികളെയും ചൂഷണം ചെയ്യുന്ന സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുകയും വേണം. പത്തനംതിട്ട ജില്ലയിൽ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിന്റെ പണം ദുർവിനിയോഗം ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കണം. സമഗ്രമായ തൊഴിൽ നയം രൂപീകരിക്കണം. പ്രവാസികളുടെ ഇൻവെസ്റ്റ്മെന്റ് സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കണം. പ്രവാസികളെ വിമാനക്കമ്പനികൾ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം. സഹകരണ സ്ഥാപനങ്ങളെ ജില്ലാ സഹകരണ ബാങ്കിന്റെ വോട്ടവകാശത്തിൽനിന്നും ഒഴിവാക്കിയ നടപടി പുനഃസ്ഥാപിച്ചത് സ്വാഗതാർഹമാണ്. യാതൊരുവിധ മാനദണ്ഡങ്ങളുമില്ലാതെ നബാർഡിന്റെ തീരുമാനത്തിന് വിരുദ്ധമായി ഒരു കാർഷിക വികസന ബാങ്കിന്റെ ഏരിയായിൽ മറ്റൊരു കാർഷിക വികസന ബാങ്കിന് അഫിലിയേഷൻ കൊടുത്തിരുന്ന നടപടി തിരുത്തിയത് ശ്രദ്ധേയമാണ്. സെക്ഷൻ 11 അനുസരിച്ചുള്ള നോട്ടീസ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ആർ.ബി.ഐ. കൊടുത്തിരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. കാർഷിക മേഖലയിൽ നബാർഡിൽ നിന്നുമുള്ള വായ്പ ലഭ്യമാക്കാൻ കഴിയാത്തതിനെക്കുറിച്ച് പരിശോധിക്കണം. ബാങ്കിലെ റിസർവ് ഫണ്ടുപയോഗിച്ച് സീമാറ്റ് സ്ഥാപിച്ച നടപടി ശരിയല്ല. കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. നന്മ സ്റ്റോറുകൾ ഓരോ വില്ലേജിലും സ്ഥാപിക്കണം. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 5 ശത

മാനം പലിശ സബ്സിഡി പ്രഖ്യാപിച്ചത് അടിയന്തിരമായി നടപ്പിലാക്കണം. സഹകരണ ബാങ്കുകൾക്ക് ഡെപ്പോസിറ്ററുടെ പണം മടക്കിക്കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിന് പരിഹാരം കാണണം. ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ആറന്മുളയിലെ എഞ്ചിനീയറിംഗ് കോളേജ് അടുത്ത വർഷം പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. പി.കെ. ഗുരുദാസൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേജസും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ള നിയമം നടപ്പിലാക്കണം. ഇ.പി.എഫ്. പെൻഷൻ വർദ്ധിപ്പിക്കണം. അംഗൻവാടി ജീവനക്കാർ, ആശാ വർക്കേഴ്സ്, പാചകത്തൊഴിലാളികൾ എന്നീവിഭാഗങ്ങൾക്ക് ബോണസ്, പെൻഷൻ എന്നിവ നൽകാൻ നടപടിയുണ്ടാകണം. അംഗൻവാടി ജീവനക്കാർക്ക് കുടിശ്ശികയടക്കമുള്ള വർദ്ധിപ്പിച്ച ശമ്പളം ഉടനെ നൽകണം. താൽക്കാലിക ജീവനക്കാരിൽനിന്നു മാത്രമേ സ്ഥിരം തൊഴിലാളികളെ നിയമിക്കാൻ പാടുള്ളൂ എന്ന കഴിഞ്ഞ സർക്കാരിന്റെ ഉത്തരവ് പുനഃസ്ഥാപിക്കണം. വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി നടപ്പിലാക്കണം. രാജ്യത്തെ എല്ലാ മേഖലകളും ആഭ്യന്തര വിദേശ കുത്തകകൾ നിയന്ത്രിക്കുന്ന സാഹചര്യം ഒഴിവാക്കണം. 2010–11–ൽ തൊഴിലവസരങ്ങളും സ്കിൽഡ് ലേബറേഴ്സിനെയും സൃഷ്ടി ക്കാൻ 94 ശതമാനം തുക ചെലവഴിച്ച സ്ഥാനത്ത് ഈ സർക്കാർ 24 ശതമാ നമേ ചെലവഴിച്ചിട്ടുള്ളൂ. ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിക്കുള്ള കെട്ടിടം എത്രയുംവേഗം നിർമ്മിക്കണം. കേരള അക്കാദമി ഫോർ സ്കിൽ

എക്സലൻസിനെ സംബന്ധിച്ച നിലപാട് വ്യക്തമാക്കണം. വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം ലഭ്യമാക്കണം. ഐ.ടി.ഐ.-കളുടെ നവീകരണവും അപ്ഗ്രഡേഷനും നടത്താൻ നടപടി സ്വീകരിക്കണം. മത്സ്യമേഖലയിലെ സെസുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ്സുകൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യണം. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി ഫലപ്രദമായി നടപ്പിലാക്കണം. കയർത്തൊഴിലാളികൾക്ക് മിനിമം വേജസ് ലഭ്യമാക്കണം. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണം. കാർഷിക പരിഷ്ക്കാര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. പെൻഷൻ തുക വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും നടപടി സ്വീകരിക്കണം. പ്ലാന്റേഷൻ മേഖലയിലെ ഭവന നിർമ്മാണത്തിന് 100 കോടി രൂപ ഉൾപ്പെടുത്തണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 'ആശ്വാസ് 2012' കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം കുടിശ്ശികയിനത്തിൽ 1007 കോടി രൂപ പിരിച്ചെടുക്കാനും 7313 കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകാനും കഴിഞ്ഞിട്ടുണ്ട്. 2011 നവംബറിൽ നടത്തിയ നിക്ഷേപ സമാഹരണത്തിലൂടെ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പുവരുത്തി മൂന്ന് സെന്റ് സ്ഥലമുള്ള സഹ

കരണ സംഘങ്ങളിലെ അംഗങ്ങൾക്ക് വസ്തുജാമ്യത്തിൽ വായ്പ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾ 31-03-2012-ന് നിറുത്തിവച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്സവസീസണുകളിൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സഹകരണ വിപണന കേന്ദ്രങ്ങൾ, നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, നീതി മെഡിക്കൽ സറ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ എന്നിവ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സഹകരണ ടൂറിസം രംഗത്ത് അപെക്സ് സ്ഥാപനം രജിസ്റ്റർ ചെയ്യുകയും ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡിക്കുപുറമെ ഓഹരി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. "കേപ്പ്"-ന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ 2011-12-ൽ പുതിയ നാല് കോഴ്സുകൾ ആരംഭിക്കുകയും മറ്റ് അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം അനുവദിക്കുകയും ചെയ്തു. പരിയാരം മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെഫ്രോളജി ആന്റ് യൂറോളജിക്കൽ സയൻസ് സ്ഥാപിക്കുന്നതിനായി രണ്ട് കോടി രൂപ അനുവദിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഠന സമിതികൾ രൂപീകരിച്ചു. സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 'ഉണർവ്വ് 2012' എന്ന തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചു. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അംഗങ്ങളെ സജീവ പങ്കാളി

യാക്കുന്നതിന് 'എന്റെ സംഘം' എന്ന പ്രത്യേക ക്യാമ്പയിൻ നടപ്പാക്കി വരുന്നുണ്ട്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ ആളുകളുടേയും ശമ്പളം, പെൻഷൻ, കമ്മീഷൻ, ബത്തകൾ, ഓണറേറിയം എന്നിവ കാലോചിതമായി വർദ്ധിപ്പിച്ചു. സ്കൂൾ വിദ്യാർത്ഥി കളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി ചെറു സമ്പാദ്യ പദ്ധതി നടപ്പി ലാക്കും. കേരളത്തിലെ എല്ലാത്തരം സഹകരണ സംഘങ്ങളുടേയും ഭരണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി. എല്ലാ ഹ്രസ്വകാല കാർഷിക വായ്പകളും 2012-13 വർഷം മുതൽ പലിശരഹിത വായ്പയായി നൽകും. ഓണം, റംസാൻ, വിഷു എന്നിവയോടനുബന്ധിച്ച് 25000-ഓളം ഉൽസവകാല ചന്തകൾ സഹകരണ മേഖലയിൽ ആംരഭിക്കും. 'വീട്ടുമുറ്റത്തൊരു ത്രിവേണി' പദ്ധതിയുടെ ഭാഗമായി എല്ലാ നിയോജകമ ണ്ഢലങ്ങളിലും ഓരോ സഞ്ചരിക്കുന്ന ത്രിവേണിയും മലബാർ പ്രദേ ശത്ത് 3 ഒഴുകുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കും. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാടും കണ്ണൂരും രണ്ട് മെഡി ക്കൽ വെയർഹൗസുകളും 10 നീതി ഗോഡൗണുകൾ, 20 ത്രിവേണി ഗോഡൗണുകൾ, 30 നന്മ പാക്കിംഗ് സെന്ററുകൾ എന്നിങ്ങനെ 60 ഗോഡൗ ണുകളും പുതുതായി ആരംഭിക്കും. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യ ത്തിൽ പ്രതിദിനം 30000 ലിറ്റർ ശേഷിയുള്ള മിനറൽ വാട്ടർ പ്ലാന്റും സ്വയം സഹായ സംഘങ്ങളുമായി ചേർന്ന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കേന്ദ്രീ കരിച്ച് 'ഗൃഹശ്രീ' എന്ന പേരിൽ ഡോർ ഡെലിവറി സംവിധാനവും നടപ്പാ ക്കും. തൃശ്ശൂരിൽ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജും ഇടു

ക്കിയിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്ന ശുശ്രൂഷാ ക്ലിനിക്കൽ ലബോറട്ടറികളും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും കുറഞ്ഞ ചെലവിൽ താമസ സൗകര്യം നൽകുന്ന ത്രിവേണി ഗസ്റ്റ് ഹൗസുകളും ആരംഭിക്കുന്നതാണ്. കൊല്ലം ജില്ലയിലെ ചക്കുവള്ളിയിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ ഗോതമ്പ് നുറുക്ക് ഫാക്ടറി രണ്ട് മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി കേരള സഹകരണ സംഘം നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതും സഹകരണ വായ്പാ മേഖലയിലെ നിക്ഷേപ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഒരു നിക്ഷേപ ഗ്യാരന്റി ബോർഡ് രൂപീകരിക്കുന്നതുമാണ്. അന്താരാഷ്ട്ര സഹകരണ വർഷത്തിനോടനുബന്ധിച്ച് തിരുവനന്തപുരത്ത് സഹകരണ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതി നടപ്പിലാക്കുന്നതാണ്. മുതിർന്ന പൗരൻമാരായ സംഘാംഗങ്ങൾക്ക് സഹകരണ ആശുപത്രികൾ മുഖേന കുറഞ്ഞ നിരക്കിൽ ആരോഗ്യ പരിശോധനാ പദ്ധതി നടപ്പിലാക്കും. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടേയും സർവ്വീസ് സഹകരണ ബാങ്കുകളുടേയും ആഡിറ്റ് കാലാനുസൃതമാക്കും. ആഡിറ്റ് മാന്വൽ പരിഷ്കരിക്കും. മൂന്ന് വർഷത്തിനകം എല്ലാ സഹകരണ സംഘങ്ങളും കമ്പ്യൂട്ടറൈസ് ചെയ്യും. സഹകരണ മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതും സഹകരണ വായ്പാ മേഖലയിലെ നിക്ഷേപ സമാഹരണ ക്യാമ്പയിൻ ഒരു

വർഷത്തിൽ ഒന്നായി നിജപ്പെടുത്തുന്നതുമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സഭയുടെ വോട്ടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥന ലിസ്റ്റ് പ്രകാരം തൊഴിലും തൊഴിലാളി ക്ഷേമവുമെന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ പ്രവാസി മലയാളിക്ഷേമവകുപ്പുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നോർക്ക വകുപ്പിന് പുതിയ മേജർ ഹെഡ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കംപ്ട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സിൽനിന്ന് മറുപടി ലഭ്യമായിട്ടില്ല. പ്രവാസികളയയ്ക്കുന്ന പണത്തിന് സർവ്വീസ് ടാക്സ് ഈടാക്കുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പ്രവാസികൾ അയയ്ക്കുന്ന നിക്ഷേപങ്ങളിൽ ബാങ്കുകൾ ചുമത്തുന്ന കമ്മീഷനുമേലാണ് സർവ്വീസ് ടാക്സ് ഈടാക്കുന്നതെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. പ്രവാസികളായ ഗൾഫ് മലയാളികളുടെ എണ്ണം കണക്കാക്കുന്നതിന് വിശദമായ സർവ്വേ ഉടനെ ആരംഭിക്കുന്നതാണ്. സീസൺ സമയത്ത് ഗൾഫ് മലയാളികളെ ചൂഷണം ചെയ്യുന്ന വിമാന കമ്പനികളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. 2013 ജനുവരി മാസം ഏഴ്, എട്ട്, ഒൻപത് തീയതികളിൽ പ്രവാസി ഭാരതീയ ദിവസ് കൊച്ചിയിൽ നടത്താൻ കേന്ദ്ര പ്രവാസികാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെടുത്തി ഒരു ദിവസം പൂർണ്ണമായും ഗൾഫ് സെഷൻ നടത്താൻ ഉദ്ദേശിക്കുന്നു. നോർക്കയുടെ സാന്ത്വന പദ്ധതിയിലൂടെ നൽകിയിരുന്ന സഹായം 20,000 രൂപയായും പ്രവാസി ഇൻഷ്വറൻസ് കാർഡ് വഴി നൽകിയിരുന്ന ആനുകൂല്യം 2,00,000 രൂപയായും

ചികിത്സാ സഹായത്തിനുള്ള ചെയർമാൻ ഫണ്ട് ആനുകൂല്യം 25,000 രൂപ യായും വർദ്ധിപ്പിച്ചിട്ടുണ്ട്. മറുനാടൻ മലയാളികൾക്കുവേണ്ടി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതിയിൽ 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലങ്ങളിലേയ്ക്ക് നോർക്ക റൂട്ട്സിന്റെ അറ്റസ്റ്റേ ഷൻ വ്യാപിപ്പിക്കുകയും മലപ്പുറത്ത് പ്രവാസി ക്ഷേമനിധിയുടെ ഓഫീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദേശ-മറുനാടൻ മലയാളികളുടെ സഹാ യത്തിനായി ടോൾഫ്രീ നമ്പറോടുകൂടി കാൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. ജില്ല കളിൽ മുഴുവൻ സമയവും നോർക്ക റൂട്ട്സ് സെല്ലുകൾ ആരംഭിക്കുന്നതാ ണ്. മറുനാടൻ മലയാളികൾക്കുവേണ്ടി ചെന്നൈ, ബാംഗ്ലൂർ, ബറോഡ എന്നിവിടങ്ങളിൽ നോർക്ക റൂട്ട്സിന്റെ ഓഫീസ് ആരംഭിച്ചുകഴിഞ്ഞു. പ്രവാ സികളുടെ റീ-ഹാബിലിറ്റേഷൻ പദ്ധതിക്കുവേണ്ടി രണ്ടുകോടിരൂപ വകയിരു ത്തിയിട്ടുണ്ട്. ഗൾഫിൽ ജയിലിൽ കഴിയുന്നവർക്കുവേണ്ടി ലീഗൽ എയ്ഡ് സെൽ തുറക്കുന്നതിനും ജയിൽമോചിതരായ മലയാളികൾക്കുവേണ്ടിയുള്ള സ്വപ്ന സാഫല്യം പദ്ധതിക്കും തുക വകയിരുത്തിയിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിൽ ചേരാനുള്ള പ്രായപരിധി അറുപത് വയസ്സാക്കാൻ ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ക്ഷേമനിധിയിൽ ചേരുന്നവർ അടയ്ക്കുന്ന തുകയും പലിശയും തിരിച്ചുകിട്ടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കുന്നതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകൂലി അവസാനിപ്പിക്കാനും അതുവഴി പുത്തൻ തൊഴിൽ സംസ്ക്കാരം രൂപപ്പെ ടുത്താനും സാധിച്ചു. ലേബർ പോളിസിയുടെ അന്തിമരൂപം തയ്യാറാക്കാൻ

കിലയെ ഏൽപ്പിച്ചു. ഇ.എസ്.ഐ. മേഖലയിൽ ഡോക്ടർമാരുടെ അപര്യാപ്തത പരിഹരിക്കാൻ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഇൻകം സപ്പോർട്ട് സ്കീമിന് ഈ വർഷം അനുവദിച്ച 75 കോടി രൂപ ഫലപ്രദമായി ചെലവാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡിന്റെ നിക്ഷേപങ്ങൾക്ക് ഇപ്പോൾ ഏതാണ്ട് പന്ത്രണ്ട് ശതമാനം പലിശ ലഭിക്കുന്നുണ്ട്. മുൻവർഷ ത്തേക്കാൾ ഇരട്ടിത്തുക പിരിച്ചെടുത്തതുവഴി നിർമ്മാണത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ വരുമാനം വർദ്ധിച്ചിരിക്കുകയാണ്. ക്ഷേമനിധി ബോർഡിൽ അനർഹരുടെ കടന്നുകയറ്റം തടയുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവാദിത്തം നൽകാനും എല്ലാ ക്ഷേമനിധി ബോർഡുകളേയും അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബോർഡിന്റെ കീഴിൽ കൊണ്ടുവരാനും അടുത്ത വർഷം ഏപ്രിൽ മുതൽ ക്ഷേമനിധി അംഗങ്ങളുടെ എല്ലാ ആനുകൂല്യങ്ങളും ബാങ്കുവഴി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ ഏതാണ്ട് എല്ലാ സ്വകാര്യ ആശുപത്രികളിലും മിനിമം വേജസ് നടപ്പിലാക്കി. ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതുസംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കാനായി ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിമുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. ഹൗസ് ബോട്ട് മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാം. നഴ്സുമാർക്ക് ഒരു വർഷം ട്രെയിനിംഗ് കൊടുക്കുന്നതിനും ഡി.എ. ഒഴിവാക്കിയുള്ള മിനിമം വേജസ് സ്റ്റൈപന്റ് ആയി കൊടുക്കുന്നതിനും കർശനമായ നിലപാടെടു

ക്കും. പ്ലാന്റേഷൻ മേഖലയിൽ 'ബെറ്റർ ഹൗസിംഗ്' എന്ന കൺസെപ്റ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ മേഖലയിലെ നിയമലംഘനം അവസാനിപ്പിക്കുന്നതിന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറിന്റെ നേതൃത്വത്തിൽ ഇ.എസ്.ഐ., ഇ.പി.എഫ്., ഫാക്ടറീസ് ആന്റ് ബോയി ലേഴ്സ് എന്നിവയുമായി കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഒരു സംയുക്ത എൻഫോഴ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ മേഖല യിലുമുള്ള സ്കിൽ അപ്ഗ്രഡേഷൻ ഉൾപ്പെടുത്തിക്കൊണ്ട് സ്കിൽ അക്കാ ഡമി തുടങ്ങാനും അതിന്റെ സബ്സെന്റേഴ്സായിട്ട് കേരളത്തിലെ എല്ലാ ഐ.റ്റി.ഐ.-കളേയും ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്മെന്റ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. സ്കിൽ ഡെവലപ്മെന്റിന്റെ ഭാഗമായി 1150-ൽപരം കോഴ്സുകൾ ഐഡന്റിഫൈ ചെയ്ത് വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൈഗ്രന്റ് വർക്കേ ഴ്സിന് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് രജിസ്ട്രേഷൻ ആന്റ് സർവ്വീസ് കണ്ടീഷൻ ആക്ട് കൊണ്ടുവരും. കേരളത്തിലെ എല്ലാ മേഖലയിലുള്ള തൊഴിലാളികളു ടേയും അൺഎയ്ഡഡ് എഡ്യൂക്കേഷൻ സെക്ടറിലുള്ളവരുടേയും വേതനം ബാങ്കുവഴി ലഭിക്കുന്നതിനുവേണ്ടി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം കൊണ്ടുവരും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 57-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.35-ന് പിരിഞ്ഞു.

* * * * * * * * * * *